12

# “മരണ പര്യന്തം വിശ്വസ്തരാകുക”

നമ്മുടെ പഠനം അധികവും തീരുമാനങ്ങൾ എടുക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു: ക്രിസ്ത്യാനിയായി തീരുന്നതിനുള്ള തീരുമാനം, എവിടെ ആരാധിക്കണം സേവിക്കണം എന്നു തീരുമാനിക്കൽ, ആ തീരുമാനങ്ങൾ എടുത്തശേഷമാണ്, കഠിന പ്രവൃത്തി വരുന്നതു: ഓരോ ദിവസവും ക്രിസ്തീയ ജീവിതം നയിക്കുക.

നമ്മുടെ ഇപ്പോഴത്തെ പഠനത്തിന്മേൽ ഉള്ള വെല്ലുവിളിയിൽ എനിക്കു സ്പർശിക്കാൻ മാത്രമെ കഴിയു. പുതിയ നിയമത്തിൽ അധിക ഭാഗവും പറയുന്നതു ഒരാൾ എങ്ങനെ ക്രിസ്ത്യാനിയായി ജീവിക്കണം എന്നതാണ്. തന്നെത്താൻ യേശുവിന്റെ അനുയായിയായി തീരുന്നതു എങ്ങനെയാണെന്ന് തന്റെ ആയുഷ്ക്കാലം മുഴുവൻ പഠിക്കുന്നു.

### വെല്ലുവിളി

ഒരു ക്രിസ്ത്യാനി തനിക്കു ചുറ്റും ഉള്ളവരേക്കാൾ ദൈവത്തിനായി ജീവിക്കേണ്ടവനാണെന്നു ബൈബിൾ അധികവും അറിഞ്ഞു കൂടാത്തവർക്കുപോലും അറിയാം. പൗലൊസ് പറയുന്നു, ‘‘ഈ ലോകത്തിനു അനുരൂപരാകാതെ, മനസു പുതുക്കിരൂപാന്തരപ്പെടുവിൻ’’ (റോമർ 12:2). യേശു ആ വെല്ലുവിളിയെ ഈ വാക്യങ്ങളിൽ എടുത്തു കാണിക്കുന്നു:

> നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിക്കാൻ പാടില്ല; വിളക്കു കത്തിച്ചു പാറയിൽ കീഴല്ല തണ്ടിന്മേലത്രേ വെക്കുന്നതു, അപ്പോൾ, അതു വീട്ടിലുള്ള എല്ലാവർക്കും പ്രാകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ, കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:14-16).

നിഷേധ സ്വഭാവങ്ങളെ ഒഴിവാക്കി ക്രിയാത്മക സ്വഭാവത്തെ ഉണ്ടാക്കിയെടുക്കുവാൻ പൗലോസ് ഗലാത്യർ 5ൽ പറയുന്നു:

> ഇപ്പോൾ ജഡത്തിന്റെ പ്രവർത്തികളോ, ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു: ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല, എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ, ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ – ജയം; ഈ വകക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല (ഗലാത്യർ 5:19–23).

ഇതിന്റെ അർത്ഥം നിങ്ങൾ ഒരു തികഞ്ഞ ജീവിതം നയിക്കേണം എന്നാണോ? അല്ല, തികഞ്ഞ ജീവിതം നയിച്ച ഒരേ ഒരാൾ യേശുക്രിസ്തു മാത്രമായിരുന്നു. അതിന്റെ അർത്ഥം നിങ്ങൾ യേശുവിനെ പോലെ ആകുവാൻ ഏറ്റവും നന്നായി പരിശ്രമിക്കണം എന്നാണ്. പൗലോസ് കല്പിച്ചു, "ദൈവത്തിനു *കൊള്ളാവുന്നവനായി* നില്പാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15).[1] NIV യിൽ "*നിങ്ങൾ നിങ്ങളെ ത്തന്നെ ഏറ്റവും* നന്നായി ദൈവത്തിനു കൊള്ളാവുന്നവനാക്കുക, ..."[2] "തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നവനാണ് ദൈവം" എന്നു എബ്രായലേഖനത്തിൽ നാം വായിക്കുന്നു (എബ്രായർ 11:6; കെജെവി)[3] – "തികഞ്ഞവനായി അന്വേഷിക്കയല്ല," "ഉത്സാഹത്തോടെ അന്വേഷിക്കുക."

### യാഥാർത്ഥ്യം

നിർഭാഗ്യവശാൽ, ദൈവത്തിന്റെ പിൻഗാമികൾ പോലും അവർ ജീവിക്കേണ്ടതുപോലെ ജീവിക്കുന്നില്ല. അവർ ആകേണ്ടതുപോലെ എല്ലായ്പോഴും ആകുന്നില്ല. ദൈവജനം പാപം – ചെയ്തതിന്റെ ഉദാഹരണങ്ങൾ ധാരാളം ബൈബിളിലുമുണ്ട്. ദാവീദ് രാജാവു, വ്യഭിചാരം ചെയ്തു (2 ശമൂവേൽ 11), അപ്പൊസ്തലനായിരുന്ന പത്രൊസ്, കർത്താവിനെ തള്ളിപറഞ്ഞു (മത്തായി 26:69–75). യോഹന്നാൻ ക്രിസ്ത്യാനികൾക്കു വേണ്ടി എഴുതി, "നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു, [ദൈവ] വചനം നമ്മിൽ ഇല്ലാതെയായി" (1 യോഹന്നാൻ 1:10). ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ അവൻ എന്തു ചെയ്യും?

#### മാനസാന്തരപ്പെടുക

അയാൾ തന്റെ പാപത്തിൽ നിന്നു പിന്തിരിഞ്ഞു ദൈവത്തോടു

ക്ഷമായാചനം നടത്തണം. ശിമോൻ പാപം ചെയ്തപ്പോൾ, പത്രൊസ് പറഞ്ഞു, "നീ, ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക, പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു, കിട്ടു മായിരിക്കും" (പ്രവൃത്തി 8:22). മനുഷ്യർക്കു സാദ്ധ്യമായ രീതിയിൽ കഴിഞ്ഞ തെറ്റുകൾ തിരുത്തുന്നതാണ് യഥാർത്ഥ മാനസാന്തരം എന്നു പറയുന്നത്.[4]

**പാപത്തെ ഏറ്റുപറയുക**

മാനസാന്തരത്തിനു ആവശ്യം പാപത്തെ സമ്മതിക്കുന്ന മനസ്സാണ്. ക്രിസ്ത്യാനി എല്ലായ്പ്പോഴും തന്റെ തെറ്റ് *ദൈവത്തോടു* ഏറ്റു പറയണം. യോഹന്നാൻ പറഞ്ഞു, "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ, അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹന്നാൻ 1:9). ചിലപ്പോൾ മറ്റുള്ളവരോട് ചെയ്ത തെറ്റ് നാം ഏറ്റു പറയണം, പ്രത്യേകിച്ച് മറ്റുള്ളവർ അറിഞ്ഞപാപങ്ങൾ അല്ലെങ്കിൽ അത് *മറ്റുള്ളവരെ* വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ. യാക്കൊബു എഴുതി, "എന്നാൽ, നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു, തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു[5] ഒരുവന്നു വേണ്ടി പ്രാർത്ഥിക്കണം" (യാക്കൊബ് 5:16). ഒരു പൊതുവായ നിയമമായി, പാപം പരസ്യമായതു പോലെ ഏറ്റുപറച്ചിലും പരസ്യമാകേണ്ടതുണ്ട്.

**പ്രാർത്ഥിക്കുക**

വേദഭാഗങ്ങളിൽ ഉദ്ധരിച്ചതുപോലെ, എല്ലായ്പോഴും പ്രാർത്ഥിക്കണം: *ക്രിസ്ത്യാനികൾ* പ്രാർത്ഥിക്കേണ്ടതുണ്ട് (പ്രവൃത്തി 8:22), ചിലപ്പോൾ നാം *മറ്റുള്ളവരോടു* പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും വേണം (യാക്കൊബ് 5:16).

**ഉറപ്പ്**

ബൈബിളിൽ എനിക്കിഷ്ടപ്പെട്ട വേദഭാഗങ്ങളിൽ ഒന്നാണ് 1 യോഹന്നാൻ 1:7. അവിടെ പറയുന്നതു, "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ, നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" വർത്തമാനകാലത്തിലാണ് ആ വേദഭാഗം പറഞ്ഞിരിക്കുന്നത്, അത്, ഗ്രീക്കിൽ, തുടർന്നു പോകേണ്ട സൂചനയാണ്. ആ വാക്ക് അക്ഷരികമായി പറയുന്നത് ഞാൻ വെളിച്ചത്തിൽ *തുടർച്ചയായി* നടന്നാൽ, ക്രിസ്തുവിന്റെ രക്തം *തുടർച്ചയായി* എന്റെ പാപങ്ങളിൽ നിന്ന് എന്നെ ശുദ്ധീകരിക്കും.

ഇതു നമ്മെ ആവേശം ഉണർത്തുന്ന സത്യമാണ്. ഒരാൾ സ്നാന

മേറ്റു വെള്ളത്തിൽ നിന്നു കയറി വരുമ്പോൾ, അയാളുടെ മുൻ കഴിഞ്ഞ പാപങ്ങൾ എല്ലാം യേശുവിന്റെ രക്തത്താൽ (വെളിപ്പാട് 1:5) കഴുകി കളഞ്ഞു (പ്രവൃത്തി 22:16). പിന്നെ, അയാൾ "വെളിച്ചത്തിൽ നടക്കുന്നു," എങ്കിൽ യേശുവിന്റെ രക്തം തുടർച്ചയായി ആയാളുടെ പാപങ്ങൾ കഴുകി കളഞ്ഞുകൊണ്ടിരിക്കും.

"വെളിച്ചത്തിൽ നടക്കുക" എന്നു പറഞ്ഞാൽ എന്താണ്? "വെളിച്ചത്തിൽ നടക്കുക" എന്നാൽ ദൈവം തന്റെ മക്കളിൽ നിന്നും പ്രതീക്ഷിക്കുന്നതുപോലെ ജീവിക്കുക എന്നാണ്.[6] ഇതിനർത്ഥം സഭാംഗങ്ങൾ പൂർണ്ണരായിരിക്കണമെന്നല്ല. അങ്ങനെയായാൽ പിന്നെ അവരുടെ പാപങ്ങൾ ശുദ്ധീകരിക്കേണ്ട ആവശ്യമില്ലല്ലൊ. മുഖ്യമായ വാക്ക് "നടക്കുക" എന്നതാണ്. ക്രിസ്ത്യാനിയുടെ നടപ്പ് ആണ് അവന്റെ ജീവിത ശൈലി. രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കു ക്രിസ്തീയ ജീവിതശൈലി ഉണ്ടാകണം.

വെളിച്ചത്തിൽ നടക്കുന്നവൻ പൂർണ്ണനല്ല,പക്ഷെ അവന്റെ ഹൃദയം ദൈവത്തിൽ കേന്ദ്രീകൃതമാണ്. ദൈവേഷ്ടം ചെയ്യുവാൻ അവൻ ബാധ്യസ്ഥനാണ്. ക്രിസ്തീയ മാർഗ്ഗത്തിൽ അവൻ ഇടറിയേക്കാം; അങ്ങനെ വരുമ്പോൾ, അവൻ മാനസാന്തരപ്പെടും, ഏറ്റു പറയും, പ്രാർത്ഥിക്കയും ചെയ്യും. പിന്നെ അവൻ തന്റെ പെട്ടി എടുത്തു ദൈവത്തോടു യാത്രതുടരും.

### വാഗ്ദാനം

സ്വയമായി ആർക്കും ക്രിസ്തീയ ജീവിതം നയിക്കാൻ സാദ്ധ്യമല്ല, ദൈവം സഹായിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (പ്രവൃത്തി 2:38; റോമർ 8:13, 26). കർത്താവിൽ ചാരുന്നവർക്കു അവന്റെ വാഗ്ദാനം ഉണ്ട്:

> കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു,അവരെ ജയിച്ചുമിരിക്കുന്നു ... നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനല്ലൊ (1 യോഹന്നാൻ 4:4).
>
> ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ - ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ (1 യോഹന്നാൻ 5:4).

യേശു ഈ വെല്ലുവിളിയും വാഗ്ദാനവും നല്കി: "മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ജീവകിരീടം നിനക്കു തരും" (വെളിപ്പാട് 2:10). ഇവിടെ പറയുന്ന "കിരീടം" വിജയകിരീടമാണ്. "ജീവകിരീടം" എന്നതിൽ ജീവനും കിരീടവും അടങ്ങുന്നു. നിത്യജീവന്റെ, കിരീടമാണത്.

നമ്മുടെ പാഠത്തിന്റെ മുഖവുരയിൽ, നാം നമ്മുടെ ഉദ്ദേശം ഇതു

പോലെ നിർവ്വചിക്കയുണ്ടായി:

**ലക്ഷ്യം: നിത്യജീവൻ**

നാം മരണം വരെ കർത്താവിൽ വിശ്വസ്തരായിരുന്നാൽ നിത്യജീവൻ, തരുമെന്നാണ് കർത്താവു വാഗ്ദാനം ചെയ്തതു. അങ്ങനെ നാം ലക്ഷ്യത്തിലെത്തും.

### ഉപസംഹാരം

നാം ഈ പാഠത്തിന്റെ അവസാനമെത്തിയിരിക്കയാണ്. ഇപ്പോൾ നിങ്ങൾ ഇതു വ്യക്തിപരമായി പ്രയോഗത്തിൽ വരുത്തേണ്ട സമയമായി. നിങ്ങൾക്കു നിത്യജീവൻ വേണോ? നിങ്ങൾക്കു നിങ്ങളുടെ ജീവിതം കർത്താവിന്നായി സമർപ്പിക്കാൻ തയ്യാറാണോ? മരണം വരെയുള്ള സമർപ്പണത്തിന്നു മനസുണ്ടോ?

---

കുറിപ്പുകൾ

[1]എംഫസിസ് മൈൻ "ഉത്സാഹമുള്ളവരാകുക," എന്നതിനു പകരം KJV യിൽ "പഠിപ്പിക്കുക" എന്നതാണ്: "നന്നായി ചെയ്യുക" അല്ലെങ്കിൽ "ഉത്സാഹത്തോടെ പരിശ്രമിക്കുക" എന്നതിനു പണ്ടു, ഉപയോഗിച്ച വാക്കായിരുന്നു "പഠിക്കുക" എന്നതു. [2]എംഫസിസ് മൈൻ. [3]NASB ലളിതമായി "അവനെ അന്വേഷിക്കുക," എന്നാണ് പറയുന്നതു. എന്നാൽ "അന്വേഷിക്കുക" എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതു പകുതി മനസോടെയുള്ള അന്വേഷണം പോരാ; *ഉത്സാഹത്തോടെയുള്ള* അന്വേഷണം വേണം. [4]ഈ പ്രസിദ്ധീകരണത്തിലെ മാനസാന്തരം എന്ന വിഷയം പുനരവലോകനം നടത്താം. [5]"കുംബസാരക്കൂട്ടിൽ" ചില പുരോഹിതന്മാരോടു ഏറ്റു പറയുന്ന സൂചനയല്ല ഇത്. ഇതു ക്രിസ്ത്യാനികൾ *പരസ്പരം* ഏറ്റു പറയുന്നതാണ്. [6]"ദൈവം വെളിച്ചമാണ്" (1 യോഹന്നാൻ 1:5), അതുകൊണ്ടു "വെളിച്ചത്തിൽ നടക്കുക" എന്നാൽ ദൈവത്തോടു കൂടെ നടക്കുക എന്നാണ്. യേശു "ലോകത്തിന്റെ വെളിച്ചമാകുന്നു" (യോഹന്നാൻ 8:12), അപ്പോൾ വെളിച്ചത്തിൽ നടക്കുക എന്നു പറഞ്ഞാൽ യേശുവിനോടു കൂടെ നടക്കുക എന്നർത്ഥം. ദൈവവചനം നമുക്കുവെളിച്ചം നല്കുന്നു (സങ്കീർത്തനങ്ങൾ 119:105), അതുകൊണ്ടു "വെളിച്ചത്തിൽ നടക്കുക" എന്നു പറഞ്ഞാൽ ദൈവ വചനപ്രകാരം നടക്കുക എന്നാണർത്ഥം.